# 27. കമ്യൂണിസം ഭൗതികവാദത്തിന് അപ്പുറത്തേക്ക്...

സമകാലിക ലോകത്തിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന രണ്ടു വ്യവസ്ഥിതികളാണ് മുതലാളിത്തവും കമ്യൂണിസവും. രണ്ടും ഭൗതികവാദത്തിൽ അധിഷ്ഠിതങ്ങളാണ്. ഭൗതികപ്രപഞ്ചത്തിൽ മനുഷ്യരുടെ ഭൗതികജീവിതമാണ് പരമമായ യാഥാർത്ഥ്യമെന്ന് മുതലാളിത്തവും കമ്യൂണിസവും കരുതുന്നു. വ്യവസായവല്ക്കരണത്തിലൂടെ പ്രപഞ്ചത്തിലെ വിഭവങ്ങൾ പരമാവധി ചൂഷണംചെയ്ത് മനുഷ്യരുടെ ഉപഭോഗത്തിനുള്ള വസ്തുക്കളുടെ നിർമാണം വർധിപ്പിക്കുകയെന്ന ലക്ഷ്യമാണ് രണ്ടു വ്യവസ്ഥിതികൾക്കുമുള്ളത്. അതായത്, മുതലാളിത്തവും കമ്യൂണിസവും നീങ്ങുന്നത് അതി–ഉപഭോഗ സമൂഹമെന്ന ഒരേ ലക്ഷ്യത്തിലേക്കാണ്. അനന്തമായി തുടർന്നുപോവുന്ന ഒരു പ്രതിഭാസമാണ് ഭൗതിക പുരോഗതി എന്ന വിശ്വാസം രണ്ടു വ്യവസ്ഥിതികളും പുലർത്തുന്നു.

ഉല്പാദിപ്പിച്ച വസ്തുക്കൾ (സേവനങ്ങളും) പങ്കിടുന്നതിന് ആധാരമാക്കേണ്ട തത്ത്വങ്ങളുടെ കാര്യത്തിലാണ് മുതലാളിത്തവും കമ്യൂണിസവും പരസ്പരവിരുദ്ധങ്ങളായ നിലപാടുകൾ എടുക്കുന്നത്. കമ്യൂണിസത്തിൽ, സാമൂഹ്യോല്പാദനത്തിൽ പങ്കുപറ്റുന്നതിനുള്ള വ്യക്തിയുടെ അധികാരത്തെ നിർണയിക്കുന്നത്, (സിദ്ധാന്തപരമായി) അയാളുടെ അധ്വാനമാണെങ്കിൽ, മുതലാളിത്തത്തിൽ ഈ അധികാരം വ്യക്തിക്കു കൈവരുന്നത് അയാളുടെ സ്വത്തുടമയിൽനിന്നാകുന്നു.

വ്യവസായവല്ക്കരണം കൂടുതൽക്കൂടുതൽ കാര്യക്ഷമവും കൂടുതൽക്കൂടുതൽ വ്യാപകവുമായതിനെത്തുടർന്ന്, ഭൗതികവിഭവങ്ങളിൽ പലതും അപരിമിതങ്ങളല്ലെന്ന ധാരണ അഭിജ്ഞർക്കിടയിൽ ഉളവാകാൻ തുടങ്ങി. ഭൂമിയിലുള്ള സ്വർണം, ചെമ്പ് മുതലായ ലോഹങ്ങൾക്കും, കല്ക്കരി, എണ്ണ മുതലായ ഇന്ധനങ്ങൾക്കും പരിധിയുണ്ട്. ഇവ ഒന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നില്ല. എടുത്തുപയോഗിച്ചാൽ അവ എന്നന്നേക്കുമായി നശിച്ചുപോവും. പ്രകൃതിവിഭവങ്ങളുടെ പരിമിതിയെപ്പറ്റിയുള്ള ബോധം, ഭൗതികപുരോഗതി ഒരു അനന്തപ്രക്രിയയാണ് എന്ന ധാരണയെ തിരുത്തിക്കുറിച്ചു. വ്യവസായവല്ക്കരണത്തിൻഫലമായി ഉണ്ടായ പരിസരമാലിന്യമാകട്ടെ, ഭൗതിക പ്രപഞ്ചസംവിധാനം എത്ര ദുർബലമാണെന്ന് ചിന്തകർക്കു കാട്ടിക്കൊടുത്തു. അനാദ്യനന്തങ്ങളെന്ന് നാം വിശ്വസിച്ചുപോരുന്ന വായു, വെള്ളം, മണ്ണ് എന്നിവപോലും, ഇനിയങ്ങോട്ടുള്ള തലമുറകൾക്ക്, വേണ്ട അളവിലും ഗുണത്തിലും ലഭ്യമായേക്കുകയില്ല എന്ന ആശങ്ക ഇന്നു പല ശാസ്ത്രജ്ഞരെയും അലട്ടുന്നുണ്ട്. ഭൂമി എന്ന ഈ അന്തരീക്ഷയാനത്തിൽ അനുവദിക്കപ്പെട്ട തൂക്കത്തിലേറെ തൂങ്ങുന്ന ചരക്കുകൾ ഇപ്പോൾത്തന്നെ കയറ്റപ്പെട്ടിട്ടുണ്ടോ എന്നാണ് പലരുടെയും ഭയം.

അതി–ഉപഭോഗ–സമൂഹമെന്നത്, മനുഷ്യവർഗത്തെ സംബന്ധിച്ചിടത്തോളം, അഭിലഷണീയമായ ഒരു ലക്ഷ്യമായിരിക്കുകയില്ല എന്ന ബോധവും പുലരിയിൽ വെട്ടംപോലെ, പതുക്കെപ്പതുക്കെ പരന്നുവരുന്നുണ്ട്. സമ്പൽസമൃദ്ധിയല്ല, ഗുണസമൃദ്ധി (ക്വാളിറ്റി, മേന്മ) ആണ് ജീവിതത്തെ സ്പൃഹണീയമാക്കുന്നത് എന്നു പലരും ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇതൊരു പുതിയ വിശ്വാസമല്ല. 'ത്യക്തേന ഭുഞ്ജീഥാഃ'

എന്നു പറഞ്ഞ ഉപനിഷദൃഷിയും ബുദ്ധനും ക്രിസ്തുവും ഗാന്ധിയുമൊക്കെ ഈ വിശ്വാസം പുലർത്തിയവരാണ്. എങ്കിലും, തികച്ചും ഭൗതിക വാദികളായ ചിന്തകർക്കിടയിൽ ഈ വിശ്വാസം വ്യാപിച്ചുവരുന്നതു് ഒരു പുതിയ സംഭവവികാസമാകുന്നു.

വിപ്ലവത്തിലൂടെ റഷ്യയിൽ രാഷ്ട്രീയാധികാരം പിടിച്ചുപററിയ കാലംമുതൽ കമ്യൂണിസത്തിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നു് ഭൗതികോല്പാദനത്തിൽ മുതലാളിത്തത്തെക്കാൾ മുന്നോട്ടു പോവുക എന്നതായിരുന്നു. താരതമ്യേന അവികസിതമായിരുന്ന റഷ്യയിലാണല്ലോ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിനു് ഏററവും സ്ഥിരമായ ഒരു ഭരണകൂടം ആദ്യമായുണ്ടാക്കാൻ കഴിഞ്ഞതു്. വ്യവസായവല്ക്കരണത്തിൽ തുലോം മുന്നിലായിരുന്ന മുതലാളിത്ത രാജ്യങ്ങളോടൊപ്പമെത്താൻതന്നെ അവിടെ കമ്യൂണിസത്തിനു് അത്യദ്ധ്വാനംചെയ്യേണ്ടതുണ്ടായിരുന്നു. ഇടയ്ക്കു വന്നുപെട്ട മഹായുദ്ധവും, തുടർന്നു നടന്നുവരുന്ന അണ്വായുധപ്പന്തയവും, മററും നിമിത്തം പല രംഗങ്ങളിലും ഉല്പാദിതവസ്തുക്കളുടെ അളവിലും ഗുണത്തിലും മുതലാളിത്തവ്യവസ്ഥിതിയോടൊപ്പമെത്താൻ കമ്യൂണിസത്തിനു് ഇനിയും കഴിവു കൈവന്നിട്ടില്ല. സോവിയററ്യൂണിയനിൽ ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളെ ഒരാധികാരികപ്രസിദ്ധീകരണം ഇങ്ങനെ വിവരിക്കുന്നു:

'ക്രിസ്തുവർഷം 2000—ാമാണ്ടുവരെ രാജ്യത്തിന്റെ സാമൂഹ്യ—സാമ്പത്തിക വികസനത്തിനുള്ള പരിപാടിയുടെ ഭാഗമാണ് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി. ജനങ്ങളുടെ ജീവിതനിലവാരം പൊതുവേ ഉയർത്തുക മാത്രമല്ല ഈ പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ മൂർത്തമാണ് നമ്മുടെ കരത്തവ്യം. കൂടുതൽ ഉയർന്ന തോതിൽ സാമൂഹ്യ—സമാനത, വരുമാനങ്ങൾ തമ്മിലുള്ള ന്യായീകരിക്കാനാവാത്ത വ്യത്യാസങ്ങൾ നീക്കിക്കളയൽ, ആണ് അതു്. പെൻഷൻ മെച്ചപ്പെടുത്താനും, അധികം അംഗങ്ങളുള്ള കുടുംബങ്ങൾക്ക് അലവൻസുകൾ ഉയർത്താനും ഇപ്പോൾത്തന്നെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അപര്യാപ്തമായ ജീവിതനിലവാരം ജനസംഖ്യയിൽ ഒരു വിഭാഗം പുലർത്തിവരുന്നതും ചുരുങ്ങിയ ഒരു കാലഘട്ടത്തിനകം ഇല്ലാതാക്കാൻ ഈ നടപടി സഹായിക്കും. പൊതുജനാരോഗ്യം, വിദ്യാഭ്യാസ വ്യവസ്ഥിതി, സേവനങ്ങൾ, തൊഴിലെടുക്കുന്നവർക്ക് വിശ്രമത്തിനുള്ള അവസരങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ കാര്യക്ഷമമായ തീരുമാനങ്ങൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.' (സോഷ്യലിസ്റ്റ് സമൂഹത്തിന്റെ മുൻഗണനകൾ, ന്യൂടൈംസ് $M_o$ 51, ഡിസംബർ 1985).

സമ്പന്നങ്ങളായ മുതലാളിത്തരാജ്യങ്ങളുടെ മാത്രമല്ല, ഇന്ത്യപോലെയുള്ള ദരിദ്രരാജ്യങ്ങളുടെയും സാമൂഹ്യലക്ഷ്യങ്ങൾ ഏറെക്കുറെ മേല്പറഞ്ഞവതന്നെയാണല്ലോ.

എങ്കിലും, ജീവിതനിലവാരം ഉയർത്തുന്നതുകൊണ്ടുമാത്രം ജീവിതം മേന്മപ്പെട്ടതായിരിക്കുമെന്ന ധാരണ കമ്യൂണിസ്റ്റ്വ്യവസ്ഥയിലും ഇല്ലാതായിത്തുടങ്ങിയിട്ടുണ്ട്. അടിസ്ഥാനാവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള അദ്ധ്വാനത്തിൽ സമയം മുഴുവൻ ചെലവഴിക്കേണ്ടിവരിക എന്ന ദുരേസാഗം ഒഴിവാക്കുന്നു എന്നതുമാത്രമാണ് ജീവിതനിലവാരം ഉയർത്തലിന്റെ പ്രാധാന്യം എന്നു് കമ്യൂണിസ്റ്റ്ചിന്തകരും പറഞ്ഞുതുടങ്ങിയിരിക്കുന്നു. മുമ്പു് ഉദ്ധരിച്ച ലേഖനത്തിൽനിന്നുതന്നെ ചില വരികൾകൂടി പകർത്താം:

'നമ്മുടെ സാമൂഹ്യലക്ഷ്യം തീർച്ചയായും, സമ്പന്നജീവിതം (ഹൈ ലൈഫ്) അല്ല, മറിച്ച് സൃഷ്ടിപരമായ ഒരു വ്യക്തിത്വത്തിനു് സ്പൃഹണീയമായിത്തോന്നുന്ന ജീവിതമാണ്.'

'ലോകപ്രശ്നങ്ങൾ കണക്കിലെടുക്കാതെ, സോഷ്യലിസ്റ്റ് മാതൃകയിലുള്ള സുഖജീവിതത്തിന്റെ സാമാന്യസങ്കല്പം രൂപവല്ക്കരിക്കാൻ നമുക്ക് കഴിയുകയില്ല. സാമൂഹ്യ–സാമ്പത്തിക പുരോഗതിയുടെ എല്ലാ തടസ്സങ്ങളും നീങ്ങിക്കിട്ടുകയും, ശാസ്ത്രീയ–സാങ്കേതിക നേട്ടങ്ങൾ പൂർണമായും ഉപയോഗപ്പെടുത്തുകയും ചെയ്താൽപ്പോലും ഇന്ന്, പാശ്ചാത്യരാജ്യങ്ങളിലെ പണക്കാർ എത്തിനില്ക്കുന്ന നിലവാരത്തിലേക്ക് ദരിദ്രരാജ്യങ്ങളിലെ ജനകോടികളുടെ ഉപഭോഗനിലവാരം ഉയർത്താനാവശ്യമായ വിഭവങ്ങൾ ഭൂമിയിൽ ലഭിക്കുകയില്ല. അതേസമയം, ചില വൻകരകളിലേയും ചില രാജ്യങ്ങളിലേയും ജനങ്ങൾമാത്രം അതിസമൃദ്ധിയിൽ കഴിഞ്ഞുകൂടുകയെന്നത് ഭാവിമനുഷ്യസമൂഹത്തിൽ ആലോചിക്കാൻകൂടി പ്രയാസമായിരിക്കും.'

'മുതലാളിത്തരാജ്യങ്ങളോടൊപ്പമെത്തുകയും, അവയെ കടന്ന് മുന്നോട്ടു പോവുകയുംചെയ്യുക എന്ന നമ്മുടെ പഴയ മുദ്രാവാക്യത്തെപ്പററിയാണെങ്കിൽ, തൊഴിലിന്റെ ഉല്പാദകത്വം, നിർമ്മിതവസ്തുക്കളുടെയും നിർമാണപ്രക്രിയകളുടെയും ഗുണനിലവാരം എന്നിവയിൽ, വികസിച്ച മുതലാളിത്തരാജ്യങ്ങളേക്കാൾ മുന്നോട്ടു പോവുക എന്ന അംശം മാത്രമേ ഇനി നിലനിർത്തേണ്ടതുള്ളൂ എന്നു തോന്നുന്നു.'

'ഉല്പാദകശക്തികളുടെ വികസനത്തിൽ ഒരു സമൂഹം നേടിയ നിലവാരത്തെ മതിക്കുന്നതിന് അളവുകോലായി മാർക്സ് എടുത്തത് ആ സമൂഹം ഉല്പാദിപ്പിക്കുന്ന സൗകര്യങ്ങളെയല്ല, ആ സമൂഹത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഒഴിവുസമയത്തെയാണ് എന്ന വസ്തുത ഓർമിപ്പിക്കുന്നത് ഇവിടെ സംഗതമായിരിക്കും. സമൂഹം അതിന്റെ വർദ്ധിച്ച ഉല്പാദകത്വത്തെ വിനിയോഗിക്കേണ്ടത് ആവശ്യമില്ലാത്ത ചപ്പു–ചവറു സാമാനങ്ങൾ കുന്നുകൂട്ടിവയ്ക്കാനാവരുതെന്ന് ശാസ്ത്രീയ കമ്യൂണിസത്തിന്റെ സ്ഥാപകൻ വിശ്വസിച്ചു. പ്രധാനപ്പെട്ട അടിസ്ഥാന ആവശ്യങ്ങൾ നിറവേററുന്നതിന് പരമാവധി കുറഞ്ഞ സമയമേ സമൂഹം ചെലവഴിക്കാവൂ; ബാക്കി കിട്ടുന്ന സമയം മുഴുവൻ, മനുഷ്യന്റെ വ്യക്തിത്വത്തെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കുവേണ്ടി സമൂഹം നീക്കിവയ്ക്കണം. ഈ അർത്ഥത്തിൽ മാത്രമേ, തൊഴിലിന്റെ ഉല്പാദകത്വം ഉയർത്തുന്നത് സാമൂഹ്യ–സാമ്പത്തികപുരോഗതിയുടെ അനുപേക്ഷണീയമുൻവ്യവസ്ഥ ആയിരിക്കുന്നുള്ളൂ.'

'മുതലാളിത്തവുമായി ഇത്തരത്തിലുള്ള ഒരു മത്സരത്തിന്റെ ഫലങ്ങളെ ഇത്ര ടൺ ഉരുക്ക്, ഇത്ര ഘനയടി പ്രകൃതിവാതകം, ഇത്ര എണ്ണം കമ്പ്യൂട്ടർ എന്നൊക്കെ അളന്നുപറയുക അസാധ്യമാണ്. ഉരുക്കും വാതകവും കമ്പ്യൂട്ടറും കൂടാതെ കഴിയില്ലെന്നതു ശരിതന്നെ. ഉല്പാദനത്തിന്റെ മാനേജ്മെൻറിൽ ഉയർന്ന കാര്യക്ഷമത കൈവരുത്താനുള്ള കഴിവ് ഈ മത്സരത്തിൽ കമ്യൂണിസം തെളിയിക്കണം. മനുഷ്യനു ചേർന്ന, യുക്തിസംഗതങ്ങളായ, ലക്ഷ്യങ്ങൾക്ക് ഉതകുന്നതാവണം ഉല്പാദനം. വർദ്ധമാനമായ തോതിൽ കാര്യക്ഷമമായ സാമൂഹ്യ അദ്ധ്വാനത്തിലൂടെയും സഹപ്രവർത്തകരോടുള്ള നിലപാടിലൂടെയും താൻ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളോടും സമൂഹത്തിന്റെ ലക്ഷ്യങ്ങളോടുമുള്ള പ്രതിബദ്ധതയിലൂടെയും, ഓരോ ആളും തന്റെ വ്യക്തിത്വം പൂർണമായി വികസിപ്പിക്കുന്നതിന് ഉതകുന്നവിധത്തിലായിരിക്കണം ഉല്പാദനപ്രക്രിയയുടെ സംഘാടനം. ആവർത്തനാത്മകങ്ങളും വിരസങ്ങളുമായ പ്രവർത്തനങ്ങളെ, ഉല്പാദനം പരമാവധി ഉയർത്തുന്നതിനുവേണ്ടി നിരന്തരമായി

തീരുമാനങ്ങളെടുക്കുകയെന്ന പ്രക്രിയയാക്കി മാററണം.' (അവിടെ ത്തന്നെ.)

വ്യക്തിത്വത്തിന്റെ പൂർണവികാസം സംഭവിക്കുന്നതു് ഒഴിവുസമയത്താണെങ്കിൽ, ജോലിസമയത്തുതന്നെ തീരുമാനങ്ങൾ എടുക്കുന്നതിലൂടെയാണെങ്കിൽ, ആ വികാസത്തിന്റെ മുഖ്യഘടകങ്ങൾ ഭൗതികങ്ങളെന്നതിലേറെ ആധ്യാത്മികങ്ങളാണെന്നു് വന്നുചേരുന്നു. 'സ്പിരിച്വൽ' എന്ന വിശേഷണം കമ്യൂണിസ്റ്റ്ചിന്തകരുടെ ലേഖനങ്ങളിൽ കൂടുതൽക്കൂടുതൽ പ്രത്യക്ഷപ്പെടുന്നതു്, ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാവുന്നതേയുള്ളു.

15–1–1986